HON'BLE MR. A. J. JOHN: (*a*) No. There is only one Audit Department, viz. the Local Fund Audit Department, for the audit of accounts of the Travancore University and the Local Funds.

(*b*) Does not arise in view of (a) above.

കുറഞ്ഞ ശമ്പളം.

* 11. MR. K. K. CHELLAPPAN PILLAI (*Mavelikara II—General*): താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

ഏറ്റവും കുറഞ്ഞ ശമ്പളം ൪൦ രൂപയായി നിശ്ചയപ്പെടുത്തുന്നതിനു് സർക്കാരിനു് കൂടുതലായി വേണ്ടുന്ന തുക എത്ര?

HON'BLE MR. A. J. JOHN: 1. Pensionable staff—Rs. 54 Lakhs roughly
2. Non-pensionable staff—Rs. 17.25 Lakhs.

Total Rs—71.25. Lakhs

MR. K. K. CHELLAPPAN PILLAI: ഇപ്പോൾ ഗവണ്മെൻറു് സഭയിൽ ഉള്ളവർക്കു കൊടുക്കുന്ന ഏറ്റവും കുറഞ്ഞ ശമ്പളം, എത്രയാണു്?

HON'BLE MR. A. J. JOHN: ൪൫ രൂപയാണു്.

MR. K. K. CHELLAPPAN PILLAI: ഈ തുക വർദ്ധിപ്പിക്കുന്നതിനു് എന്തെങ്കിലും ഗവണ്മെൻറു് ആലോചനയിലുണ്ടോ?

HON'BLE MR. A. J. JOHN: ഒരു പേ കമ്മിഷനെ ഏർപ്പെടുത്തിയിട്ടുണ്ടു്. ആ കമ്മീഷന്റെ റിപ്പോർട്ടു വന്നതിനുശേഷം ഗവണ്മെൻറു് അതേപ്പറ്റി ആലോചിക്കുന്നതാണു്.

MR. WILSON PETER: ഇൻഡ്യാഗവണ്മെൻറു് ഒരു പേ കമ്മീഷനെ നിയമിച്ചിട്ടുള്ളതായി അറിയാമോ?

HON'BLE MR. A. J. JOHN: അറിയാം. എന്നാൽ റിപ്പോർട്ടു കിട്ടിയിട്ടില്ല.

MR. WILSON PETER: ഈ സംബന്ധിച്ചു് ഇൻഡ്യാഗവണ്മെൻറു് നൽകുന്ന നിർദ്ദേശം സ്വീകരിക്കുവാൻ ഈ ഗവണ്മെൻറും തയ്യാറാകുമോ?

HON'BLE MR. A. J. JOHN: അങ്ങനെ ചെയ്യുമെന്നോ ചെയ്യാതിരിക്കുമെന്നോ ഖണ്ഡിതമായി ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ഇവിടത്തെ കമ്മീഷന്റെ റിപ്പോർട്ടനുസരിച്ചു വേണ്ടതാലോചിക്കാം: എന്നു പറയാതെ ഇപ്പോൾ നിവൃത്തിയുള്ളു.

MR. K. K. CHELLAPPAN PILLAI: പേ കമ്മിഷൻ റിപ്പോർട്ടു് എന്നു പുറത്തു വരുമെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. J. JOHN : അധികം താമസിയാതെ പുറത്തുവരും.

MR. K K. CHELLAPPAN PILLAI : അതു സംബന്ധിച്ചുള്ള പ്രവർത്തനം എത്രമാത്രം പുരോഗമിച്ചിട്ടുണ്ട് ?

HON'BLE MR. A. J. JOHN : അതിലേക്കാവശ്യമുള്ള സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്. ഒരു പ്രശ്നാവലിയും തയാറാക്കിയിട്ടുണ്ട്.

MR. K. P. NILAKANTA PILLAI (*Chirayinkil I—General*) : ഇൻഡ്യാ ഗവണ്മെൻറ് റിപ്പോർട്ട് അനുസരിച്ച് വേണ്ട നിർദ്ദേശങ്ങളും നൽകുവാൻ ഇവിടത്തെ കമ്മീഷനെ നിർദ്ദേശിച്ചിട്ടുണ്ടോ ?

HON'BLE MR. A. J. JOHN : അങ്ങനെ ഖണ്ഡിതമായി നിർദ്ദേശിട്ടില്ല. വേണമെങ്കിൽ ഇൻഡ്യാഗവണ്മെൻറിൻറെ റിപ്പോർട്ടിനെപ്പറ്റിയും അവർക്കാലോചിക്കാം.

വനംവകുപ്പു കൺട്രാക്റ്റർമാർ.

*12. MR. K. K. CHELLAPPAN PILLAI : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വനംവകുപ്പു മന്ത്രി സദയം മറുപടിനൽകുമോ ?

ഈ വർഷത്തിൽ വനം വകുപ്പിൽ ആർക്കെല്ലാം കാൺട്രാക്റ്റു കൊടുത്തിട്ടുണ്ട് ? എന്തു തുകയ്ക്കു ആണ് ഓരോന്നും കൊടുത്തിട്ടുള്ളത് ?

HON'BLE MR. V. O. MARKOS : ഫോറസ്റ്റിൽ വനംവകുപ്പിൽനിന്നും കൊടുത്തിട്ടുള്ള കൺട്രാക്റ്റുകളുടെ പൂർണ്ണവിവരങ്ങളടങ്ങിയ രണ്ടു സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ട്. ഒന്നാമത്തെ Minor Forest produce Contract and Sale Coupe Contracts എന്ന ഇനത്തിൽ വരുന്ന കൺട്രാക്റ്റുകളും ഉൾപ്പെടുന്നു. രണ്ടാമത്തേത് സപ്ലൈ കൺട്രാക്റ്റാണ്. അതിന് ഫോറസ്റ്റ് കൺട്രാക്റ്റുകളും കൊടുത്തിട്ടുണ്ട്. ഇവ ആർക്കെല്ലാം എന്തു തുകകൾക്ക് കൊടുത്തു എന്നുള്ള വിവരങ്ങളും ഈ സ്റ്റേറ്റുമെൻറുകളിൽ ഉണ്ട്.

MR. K. P. NILAKANTA PILLAI : രണ്ടാമത്തെ കാൺട്രാക്റ്റ് ഒരു പ്രധാനപ്പെട്ട കാൺട്രാക്റ്റായതുകൊണ്ട് അതു വായിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിക്കു സൗകര്യമുണ്ടാകുമോ ?

HON'BLE MR V. O. MARKOS : യാതൊരു വിരോധവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly